# ZOOM



Digital Magazine 2019-20
ST CORNELIUS HSS KOLAYAD



## മുഖമൊഴി

ഫെയ്സ്ബുക്ക് ,വാട്സാപ്പ് തുടങ്ങിയ സോഷ്യൽ മീഡിയകൾ ദുരുപയോഗം ചെയ്യുന്ന ഈ കാലഘട്ടത്തിന് പ്രചോദനമായി കൊണ്ട് വിദ്യാർത്ഥികൾ ഒരുക്കുന്ന ഡിജിറ്റൽ മാഗസിനാണ് ZOOM. ഈയൊരു മാഗസിന്റെ നിർമാണത്തിന് ഞങ്ങളുടെ സ്കൂളിലെ എല്ലാ വിദ്യാർത്ഥികളുടെയും പങ്കാളിത്തമുണ്ട്. ഓരോ ക്ലാസിലെയും കൈയെഴുത്ത് മാസികകളിൽ നിന്നും മികച്ച സൃഷ്ടികളാണ് ഈ മാഗസിനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ മാഗസിൻ വായനക്കാർക്ക് വേറിട്ടഅനുഭൂതിയും അനുഭവങ്ങളും പകരുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഡിജിറ്റലിലെ വായന വായനക്കാർക്ക് പുതിയൊരു അനുഭവം തന്നെയായിരിക്കും .ഇന്നത്തെ തലമുറ വായനയെ മറന്നിരിക്കുന്നു വായനയെ പൊടിതട്ടിയെടുക്കണമെന്നുള്ള ഉദ്ദേശത്തോടെയാണ് ഞങ്ങളീ മാഗസിൻ തയ്യാറാക്കിയത്.ത്യാഗത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഈ എളിയ ഉപഹാരം ഞങ്ങൾ നിങ്ങൾക്കായി സമർപ്പിക്കുന്നു.

നിദ [സ്റ്റുഡന്റ് എഡിറ്റർ]

## INDEX


1. ചരിത്രമുറങ്ങുന്ന കോളയാട്..................................................11
2. പ്രിയപ്പെട്ട ഡെസ്റ്റിന് ..................................................13
3. സസ്യവിശ്വാസം..................................................................14
4. എന്തുകൊണ്ട് സ്കൂളുകളിൽ കായികവിദ്യാഭ്യാസം...................15
5. നക്ഷത്രം.........................................................................17
6. പരിണാമം.......................................................................18
7. ഡയറിത്താളുകളിലൂടെ........................................................19
8. തിരിച്ചറിവ്......................................................................21
9. കെടാവിളക്ക്....................................................................22
10. വിദ്യാലയം.......................................................................23
11. മാറുന്ന തലമുറ..................................................................24
12. എന്റെ കേരളം..................................................................26
13. ഭൂമിയിലെ മാലാഖമാർ.......................................................27
14. കുടിയേറ്റം.......................................................................28
15. കൺകണ്ട ദൈവം..............................................................29
16. മലചുരത്തിയ നീരുറവകൾ...................................................30
17. മരം................................................................................31
18. ദൈവത്തിന്റെ അത്ഭുതം......................................................32
19. വരിമുടക്കി.......................................................................33
20. മനുഷ്യമനസ്സിന്റെ വികാരം...................................................34
21. ദൈവത്തിന്റെ വരദാനം......................................................35
22. വാക്കുകൾ........................................................................36
23. ആദ്യത്തെ പ്രണയിനി...........................................................37
24. ചിത്രം.............................................................................38
25. അമ്മയും മകളും................................................................ 39
26. പ്രളയ മഴ.........................................................................40

27. കൃഷ്ണമൃഗം.....................................................................41

28. education..........................................................................42

29. കാത്തിരിപ്പ്...........................................................................43

30. ചിലത്.....................................................................................45

31. പരിസ്ഥിതി ദിനവും അനുഭവവും...............................................46

32. ചുവന്ന വെള്ളച്ചാട്ടം...............................................................47

33. ചെറുകഥ..................................................................................48

34. ചിത്രം.....................................................................................52

# ആശംസ




ഈ ഹൈടെക് യുഗത്തിൽ ഡിജിറ്റൽ മാസികയിലൂടെ 'വായനവസന്തം' തീർക്കാൻ ശ്രമിക്കുന്ന ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്ക് അഭിനന്ദനം. എല്ലാവരുടെയും വായനയുടെ ലോകം വളർന്നു പന്തലിക്കട്ടെ എന്നാശംസിച്ചു കൊണ്ട്.

*Reading is an adventure for the heart it expands your mind and gives life more life........*

Headmistress
Emily teacher



# ആശംസ

I am extremely happy to know that the members of the 'little kites' are publishing as magazine as a part of their project. I avail this opportunity to remind each little kite to feel proud of being a member of this IT club which is believed to become the largest IT network in our country with more than 1 lakh student members.

Every school magazine is a skill developing tool for the students. I hope that this one will have certainly contributed to the computing skill of each one.

I whole heartedly appreciate the hard work and commitment of all the students and teachers for taking pain to publish this magazine, and wish them all success.

PRINCIPAL
FR. GINISH BABU



# ആശംസ

ആധുനികതയുടെ പുത്തൻ സാങ്കേതിക വിളകൾ പുതുതലമുറകളിലേക്ക് പകർത്തപ്പെടുന്നു എന്നത് സന്തോഷം പകരുന്ന കാര്യമാണ്. പുത്തനറിവുകളുടെ പുത്തനുണർവുകൾ കലയുടെ കണ്ണികൾക്കൊണ്ട് സമന്വയിക്കപ്പെടുന്ന ഈ ശ്രമങ്ങൾക്ക് വിജയാശംസകൾ.......

സസ്നേഹം

സ്റ്റാഫ് സെക്രട്ടറി

ജോളിമാസ്റ്റർ....



# ആശംസ

ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾ ചേർന്ന് തയാറാക്കിയ ഡിജിറ്റൽ മാഗസിനാണ് zoom ഇതിൽ കുട്ടികളുടെ സർഗവാസനകളെ പരിഘോഷിക്കുന്ന വിധത്തിലുള്ള പല നൂതന ആശയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വായന കുറഞ്ഞുവരുന്ന ഈകാലത്ത് ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾ ചേർന്ന് തയ്യാറാക്കിയ ഈ മാഗസിൻ വായനയുടെ വഴിയിലേക്കുള്ള വഴികാട്ടി യാകട്ടെ.........

എന്ന്

ലിറ്റിൽ കൈറ്റ്സ് മിസ്റ്റ്രസ്സ്

നൈസിൽ



# ആശംസ

വായനയുടെ ലോകത്തേക്ക് കുട്ടികളെ ആകർഷിക്കാനും ആധുനിക സാങ്കേതിക വിദ്യയിലൂടെ പുതിയ വായനാനുഭവം സൃഷ്ടിക്കാനുമുള്ള സംരഭമാണ് ഡിജിറ്റൽ മാഗസിൻ . വായനയിലൂടെ ഭാവനയുടെ വികാസവും സർഗാത്മകതയുടെ പ്രകാശനവും സാധ്യമാകുമെന്ന് ഉറപ്പാണ് . അതിനുള്ള മികച്ച അവസരമായിരിക്കും ഈ മാഗസിൻ . അത് ഉപയോഗപ്പെടുത്താനും അതിലൂടെ സ്വയം പ്രകാശനം നടത്താനുമുള്ള ശ്രമങ്ങൾ എല്ലാവരും നടത്തേണ്ടതുണ്ട് . ഈ മാഗസിൻ കലാസംസ്കാരിക രംഗത്തെ പരിപോഷിപ്പിക്കുന്ന ഒരു നല്ല ഉപാധിയാകട്ടെ എന്ന് ആഗ്രഹിക്കുന്നു . എല്ലാ വിധ ആശംസകളും നേരുന്നു .

ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ

മിഥുൻ .പി



# ആശംസ

ആധുനിക വിദ്യാഭ്യാസം കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർ ത്ഥിയുടെയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനമാണ് . വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്ക് വഹിക്കാവുമെന്ന ഉത്തമബോധ്യം എനിക്കുണ്ട് . ഈ അവസരത്തിൽ ഇത്തരമൊരു ഡിജിറ്റൽ മാഗസിന്റെ സമഗ്രവും വിജയകരവുമായ പ്രവർത്തനങ്ങൾക്ക് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ

എന്ന്

റോയി ചാക്കോ

**SITC**

# ചരിത്രമുറങ്ങുന്ന കോളയാട്

കോളയാട് എന്ന പേരിൽ ഉത്ഭവം ചരിത്രപരമായ സംഭവമാണ് . ടിപ്പുവിന്റെ വയനാട്ടിലേക്കുള്ള പടയോട്ടക്കാലത്ത് ടിപ്പുവും സംഘവും കൊള്ളയടിച്ച നാടാണ് കോളയാട് . കോളയാടിന്റെ ഇന്നലെകൾ എങ്ങനെയായിരുന്നിരക്കും ?

മലയോരങ്ങളുടെ ഈ നാടിന് വനങ്ങളുടെയും വന്യജീവികളുടെയും അതിവിദൂര ഭൂതകാലമുണ്ട് . കാട് വെട്ടിതെളിച്ച് ഒറ്റയൊറ്റ പാർപ്പിടങ്ങളിലൂടെ ഗ്രാമങ്ങളിലേക്ക് നടന്നുകയറിയ അതിവിദൂരമല്ലാത്ത ഭൂതകാലമുണ്ട് .പിന്നെപ്പിന്നെ

കൂടുതൽ കാലൊച്ചകൾ കേട്ടിരിക്കാം നാട്ടുരാജാക്കൻമാരുടെ അധികാര പരിധിയിൽ പെട്ടുപോയിരിക്കാം ഏതെങ്കിലും ഭൂവുടമകളുടെ അതിർത്തി നിർണ്ണയത്തിൽ പെട്ടുപോയിരിക്കാം .

ജാതിയുടെ കയറ്റിറക്കങ്ങൾ കണ്ടിരിക്കാം .പഴശിയുടെ യുദ്ധമുറകൾ കണ്ടിരിക്കാം . എന്നാൽ ഇന്ന് അതൊന്നുമല്ല കോളയാട് . ജാതികൾ തമ്മിലുള്ള അകൽച്ചയും അയിത്തവും ഇന്നലെകളുടെ നിഴൽപാടുകൾ മാത്രം .

ജന്മികളുടെ കാൽപാടുകൾ പോലും മാഞ്ഞുപോയിരിക്കുന്നു . അധ്വാനിക്കുന്നവനാണ് കോളയാടിന്റെ വിധി നിർണയിക്കുന്നത് . പഴയ കാർഷികസംസ്കാരത്തിന് ഉടവ് തട്ടിയിരിക്കുന്നു .പൊനം കൃഷിചെയ്യുന്നവന്റെയും കപ്പ കൃഷിചെയ്യുന്നവന്റെയും മനസ്സല്ല റബറും കൃഷിചെയ്യുന്നവന്റേത്
ഈ അന്തരം സംസ്കാരത്തിലും നിഴലിക്കാതിരിക്കില്ല.

ഇവിടെ നമ്പൂതിരിയും തീയ്യനും നായരും പുലയനും എല്ലാം ഉൾക്കൊള്ളുന്ന ഹൈന്ദവ ജനവിഭാഗളുണ്ട് . മുസ്ലിം ക്രൈസ്തവ വിഭാഗങ്ങളുണ്ട് . പ്രാചീന സംസ്കാരത്തിലെ പ്രതിനിധികളായ പണിയരും കുറിച്യരുമുണ്ട് . അവരുടെയൊക്കെ സംസ്കാരിക സവിശേഷതകളും ഭിന്നങ്ങ-ളാണ് വൈവിധ്യപൂർണമാണ് . കാർഷികസംസ്കാരത്തിൻ്റെ സ്വയം പൂർണതയിൽ നിന്നുയിർകൊണ്ട വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും കലാരൂപങ്ങളും ഗാനങ്ങളും വിനോദങ്ങളും എല്ലാം ഓരോ ജനവിഭാഗത്തിലും വ്യത്യസ്ത് രൂപഭാവങ്ങളിൽ നിലനിൽക്കുന്നുണ്ട് . കോളയാടിനെ സംബന്ധിച്ചിടത്തോളം സംസ്കാരിക സമ്പർക്കത്തിന്റെയും സംസ്കാരികമായ ഒറ്റപ്പെടലിന്റെയും വ്യത്യസ്തചിത്രങ്ങളുമണ്ട്.

അഥീന മരിയ



# പ്രിയപ്പെട്ട ഡെസ്കിന്



എന്റെ സ്വപ്നങ്ങൾ കോറിയിട്ടു നിന്നെ ഞാൻ
ഒരുപാട് ശല്യം ചെയ്തിരുന്നു......
പേനകൊണ്ടും പെൻസിൽകൊണ്ടും
പുതിയ സ്വപ്നങ്ങൾ പകർത്തിവെയ്ക്കുമ്പോൾ
വികൃതമായി പോകുന്നത് നിന്റെ മുഖമാണെന്ന്
ഞാനോർമിച്ചതേയില്ല.........
എന്നൊക്കെയോ ഹൃദയം നൊന്തുകരഞ്ഞപ്പോൾ
ഒലിച്ചിറങ്ങിയ കണ്ണുനീർതുള്ളികൾ
നിന്റെ കവിൾതടങ്ങളിൽ കറയായ്
പറ്റിപിടിക്കുന്നുണ്ടായിരുന്നുവെന്നും ഞാനറിഞ്ഞില്ല........
പങ്കുവെയ്ക്കലിന്റെ തിരക്കിനിടയിൽ അറിയാതെ
തുവിപോയ കറികളുടെ എരുവിൽ നിന്റെ കണ്ണുകൾ
നിറഞ്ഞിട്ടുണ്ടാവുമല്ലോ...........
എന്നിട്ടും നീയെന്നെ സ്നേഹിക്കുന്നുവെന്നെനിക്കറിയാം
അതുകൊണ്ടല്ലോ ഞാൻ മറന്നുതുടങ്ങിയ
ഭൂതകാല രഹസ്യങ്ങളും പേറിക്കൊണ്ടിന്നും
അതേ ക്ലാസ്സ് മുറിയിൽ നീയെന്നെ
കാത്ത്നിൽക്കുന്നത്...........

ചെൽസിയ ജോമോൻ

# സസ്യവിശ്വാസം



പ്രകൃതിവിശ്വാസി
അറിയുന്നു മർത്ത്യൻ
വളർന്നുവന്നതു ചെടികളിൽനിന്നു
മൃഗങ്ങളിൽനിന്നു , തണുത്തലിഞ്ഞൊരു
പൊടിയിൽ നിന്നെന്നും
അവൻ വളർന്നതിന്നെവിടേക്കായാലു-
മിടറി പിന്നെയും ചെടിയിലേക്കാണു
കിളിയിലേക്കാണു മടങ്ങുവതെന്നും
ചെളിയിൽ മുങ്ങുന്ന , പറന്നിരിക്കുന്ന
ഒട്ടുങ്ങുന്നില്ലവനൊരിക്കലും ,ഉയി-
രെഴുന്നതൊക്കെയുമുയിർ തുടരുന്നു
ചുവരിലോട്ടുമിക്കുരുന്ന പ്രാണിയും
തെരിവിൽ യാചിക്കുമിമിളം കുരുവിയും
ഉയരെ വാനിലേക്കൊരിറ്റു നീരിനായു
ടലുനീട്ടുമിപ്പനയും ധ്യാനത്തിൽ
മുഴുകി മെല്ലെയായി നടക്കുമാനയും
സകലവും, ഞാനുമവരും ഒന്നല്ലോ
പരിനാമത്തിന്റെ യുരുവങ്ങൾ താണ്ടി-
യിഹലോകത്തെയും പരലോകത്തെയും
മരണത്തെപോലും പുതിയതാമൊരു
ക്രമത്തിലേക്കുന്തിത്തെറിപ്പിക്കുന്നവർ

ലയന 9A

# എന്തുകൊണ്ടു സ്കൂളുകളിൽ കായികവിദ്യാഭ്യാസം

ഇന്ന് നമ്മുടെ സ്കൂളുകളിൽ കലാ-കായിക വിദ്യാഭ്യാസം എന്ന പഠനവിഷയത്തിന് നമ്മുടെ സർക്കാരും സമൂഹവും കൂടുതൽ പ്രാധാന്യം നൽകി വരുന്നു .എന്തിനാണ് നാം ഇങ്ങനെയൊരു വിഷയം പഠിക്കുന്നത് ? എന്താണ് ഈ വിഷയം കൊണ്ടു ഉദ്ദേശിക്കുന്നത് ?

കായികവിദ്യാഭാസം അഥവാ ഹെൽത്ത് ഫിസിക്കൽ എഡ്യുക്കേഷൻ എന്നും ഇത് അറിയപ്പെടുന്നു . കോമൺ വെൽത്ത് രാജ്യങ്ങളിൽ കായികവിദ്യാഭ്യാസം എന്നാൽ ശരീരത്തെ ആരോഗ്യപ്രദമായി കൊണ്ടുനടത്താൻ വേണ്ടിയുള്ള വ്യയാമമാണ് . ആരോഗ്യം പരിപാലിക്കുന്നതിനു വേണ്ടിയുള്ള ചലനമോ , വ്യായാമമോ , കളിയോ ഉൾപ്പെടുന്നു.

നമ്മുടെ ഈ കൊച്ചു സംസ്ഥാനത്ത് മാത്രമല്ല ഏഷ്യയിലെ ഒട്ടുമിക്ക രാജ്യങ്ങളിലും കലാ - കായിക വിദ്യാഭ്യാസത്തിന് വളരെയധികം പ്രാധാന്യം കൽപ്പിക്കുന്നുണ്ട് . ദക്ഷിണ കൊറിയയിൽ പ്രാഥമിക വിദ്യാലയങ്ങളിലും ഹയർസെക്കന്ററി വിദ്യാലയങ്ങളിലെയും വിദ്യാർത്ഥികൾക്ക് 3 മണിക്കൂർ നിർബന്ധിത കായിക വിദ്യാഭ്യാസം നൽകി വരുന്നുണ്ട് . സിങ്കപ്പൂരിൽ ദിവസംതോറും പരീക്ഷാദിനങ്ങൾ ഒഴിച്ച് രണ്ട് മണിക്കൂറാണ് പ്രാഥമിക വിദ്യാലയങ്ങളിൽ നിർബന്ധിത കായികവിദ്യാഭ്യാസം നൽകുന്നത് . കുട്ടികളുടെ ഫിറ്റ്നസ്സ് പരിശോധിക്കുന്നതിനായി നിർബന്ധിത ഫിറ്റ്നസ്സ് പരീക്ഷനടത്തിവരുന്നു കായിക വിദ്യാഭ്യാസത്തെ നമ്മുക്ക് ഇങ്ങനെ നിർവചിക്കാം. വ്യക്തിപരമായോ , സാമൂഹികപരമായോ വ്യക്തികൾ അച്ചടക്കപൂർണവും , ശാരീരിക ആരോഗ്യത്തെ കാര്യക്ഷമമായി സംരക്ഷിക്കുവാനുള്ള മാർഗ്ഗങ്ങളാണ് കായികവിദ്യാഭ്യാസത്തിലൂടെ നാം നേടിയെടുക്കുന്നത്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടും മധ്യഘട്ടത്തോടുകൂടി പൊതു ആരോഗ്യസംഘടന ലക്ഷ്യംവെയ്ക്കുന്നത് ജനങ്ങളുടെ ആരോഗ്യത്തെ മാരകമായ രോഗങ്ങളിൽ നിന്നും രക്ഷിക്കുക എന്നതാണ്. രോഗങ്ങൾ കുറയ്ക്കാനും , ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുവാനുമെല്ലാമാണ്

ആരോഗ്യസംഘടനയുടെ ലക്ഷ്യം . ഈ ലക്ഷ്യം അതിന്റെ പൂർണതയിൽ എത്തിക്കാൻ വേണ്ടിയാണ്
കുട്ടികൾക്ക് ഇളം പ്രായംമുതൽ തങ്ങളുടെ ആരോഗ്യത്തെക്കുറിച്ച് ബോധ്യമുള്ളവരായിരിക്കാനും വേണ്ടിയാണ് സ്കൂളുകളിൽ കായികവിദ്യാഭ്യാസത്തിന്
പ്രാധാന്യം നൽകിവരുന്നത്

അതുൽ ഷാജി -10B





## നക്ഷത്രം

വർണ്ണമിണങ്ങി
തെളിഞ്ഞൊരു
വാർമഴവില്ലിനെ തോളിലേറ്റി
മിന്നമിനാമിന്നുന്നആകാശം.....
ഗോപുരത്തിലൊരു
ദീപമായി മിന്നുന്ന
നക്ഷത്രമേ....
വിശാലമാമൊരു വാതിലൊരോ
ദീപം തെളിച്ച പോലെന്നോ
നിൻ നുറുങ്ങുവെട്ടം
പാരിൽ തിളങ്ങുന്നു...
പ്രകാശ ദീപത്തിൽ നിന്നുദിച്ച
വെള്ളിനക്ഷത്രമേ.........
നിൻ വെളിച്ചം എൻ ഹൃദയത്തിൽ
വിളക്കായി മിന്നുന്ന കുഞ്ഞു
നക്ഷത്രമേ......

നെജില ഷെറിൻ
9A

# പരിണാമം

ഇന്ന്,

വൃക്ഷങ്ങൾ പണമായി പരിണമിച്ചു.

പുഴകൾവരണ്ടുണങ്ങിനരച്ചുവെന്തവയലുകളിൽ

കർഷകരെ പരിഹസിച്ച്

കെട്ടിടങ്ങളും വീടുകളും

തലപൊക്കിനിൽക്കുന്നകുന്നുകൾ,

അന്ത്യശ്വാസംവലിക്കാൻ

ഊഴം കാത്തുകിടക്കുന്നു

പകയും വിദ്വേഷവും

മർത്യ മനസ്സുകളിൽ

കൂടുവെച്ചിരിക്കുന്നു

അന്ന്.....

കാടുകളിൽ മൃഗങ്ങളുണ്ടായിരുന്നു

പുഴകളും തോടുകളും

നിറഞ്ഞൊഴുകിയിരുന്നു

വയലോലകൾക്ക്

നിറം പച്ചയായിരുന്നു

മീണതയുടെ സൗന്ദര്യമായിരുന്നു

ഐക്യവും സ്നേഹവും

ഒത്തിരി ഓർമ്മകളും!

നാളെ

വികൃതചിതമാകുമോ

എല്ലാം....

നജീബ് മുഹമ്മദ്

9C

## ഡയറിത്താളുകളിലൂടെ



മഴ ഇന്നലെയും പെയ്തിരുന്നു .പക്ഷെ ഇന്ന് നേരത്തെയാണ് . അവൾ തന്റെ ബാഗിലേക്ക് കൈ താഴ്ത്തി .''അയ്യോ കുട മറന്നിരിക്കുന്നു ''. ഭാഗ്യം നിത്യ ടീച്ചർ പോയിട്ടില്ല .അവൾ ഓടി-ച്ചെന്ന് ടീച്ചറുടെ കുട കടം വാങ്ങി .അപ്പോഴാണ് മോനെ കുറിച്ചോർത്തത് .അവനും കുടയെടുത്തു കാണില്ല. ഇവനിതെവിടെപ്പോയി ? കുടയെടുക്കാൻ മറന്ന ഏതാനും കുട്ടികൾ
സ്കൂൾ വരാന്തയിൽ  നിൽക്കുന്നുണ്ടായിരുന്നു.പെട്ടെന്നാണ് പിന്നിൽ നിന്നും അവന്റെ വിളി കേട്ടത് .അമ്മേ! ഈ മഴ നോക്കിയേ എന്ത് ഭംഗിയാ ! അവൻ സ്കൂളിന്റെ പൂന്തോട്ടത്തിലേക്ക് വിരൽ ചൂണ്ടി .

ശരിയാണ് ഇന്നത്തെ മഴക്ക് എന്തോ ഒരു പ്രത്യേകതയുള്ളതുപോലെ .പടി-ഞ്ഞാറൻ പൊൻകിരണങ്ങളിൽ തട്ടി മഴത്തുള്ളികൾ സ്വർണ്ണനൂൽ പോലെ താഴേക്ക് പതിക്കുന്നു. എത്ര കാലമായി മഴയെ താനിങ്ങനെ ആസ്വദിച്ചിട്ട് ? അവൾ മകനെ ചേർത്തു നിർത്തി . ഒരു മാത്ര പോലും അടങ്ങിയിരിക്കാത്ത ആ കുസൃതിക്കുരുന്നും അമ്മയുടെ ചൂടേറ്റ് മിണ്ടാതെ നിന്നു.

മഴയെ പലതവണ അറിഞ്ഞിട്ടുണ്ട് . ബാല്യത്തിന്റെ അനാഥത്വത്തിൽ ഒരുപാട്  തവണ മഴ കൂട്ടായിട്ടുണ്ട് . കൗമാരത്തിലെ നഷ്ട സ്വപ്നങ്ങൾക്കും വിരഹങ്ങൾക്കും മഴ സാക്ഷിയായിട്ടുണ്ട് . ഒടുവിൽ വിവാഹിതയായപ്പോൾ മഴ തന്നോടൊപ്പം ഒരുപാട് തവണ കരഞ്ഞിട്ടുണ്ട് .

ഇന്നും മനസ്സിൽ വല്ലാത്ത ആകുലതകളുണ്ട്. എങ്കിലും തനിക്ക് ഈ മഴയെ ആസ്വദിക്കാൻ കഴിയുന്നു. ഒരു പക്ഷെ ചുറ്റിലുമുള്ളവർക്ക് തരാൻ കഴിയാത്തതെന്തോ ഈ മഴ സമ്മാനിക്കുന്നതു പോലെ .''അമ്മേ പോവണ്ടേ ?'' മകന്റെ ചോദ്യം കേട്ട് സ്വപ്നത്തിൽ നിന്നും ഉണർന്നതുപോലെ അവൾ ചുറ്റുംകണ്ണോടിച്ചു.കുട്ടികളെല്ലാം പോയിക്കഴിഞ്ഞിരിക്കുന്നു.

ഒരുപക്ഷെ അമ്മയുടെ സ്നേഹത്തിന്റെ ചൂട് അവനും ആസ്വദിച്ച് കാണും . വാ പോയിട്ട് നൂറുകൂട്ടം ജോലിയുണ്ട് . അവൾ മകന്റെ കൈയ്യും പിടിച്ച് ധൃതിയിൽ നടന്നു. ഒരു വീട്ടമ്മയുടെ തിരക്കിലേക്ക്.

**by**

ശ്രീരാഗ് പി വി

# തിരിച്ചറിവ്

ദാരിദ്ര്യം ആ കുടുംബത്തിന്റെ കൂടപിറപ്പായിരുന്നു. എങ്കിലും അച്ഛനമ്മമാർ അതൊന്നും അറിയാതെയാണ് അവനെ വളർത്തിയത്. അവൻ ചോദിക്കുന്നതെന്തും അവർ അവന് നൽകി. കുട്ടിക്കാലത്തെ ഓരോ ദിവസവും അവൻ ആഘോഷങ്ങളായിരുന്നു. കുറച്ചുകൂടി മുതിർന്നപ്പോൾ അവന്റെ ചിന്തയിൽ ആർഭാടങ്ങൾ മാത്രമായി. അവൻ തങ്ങൾക്ക് ഒരു താങ്ങാകേണ്ടവനാണെന്ന ചിന്തയിൽ അച്ഛനും അമ്മയും അവന്റെ ആവശ്യങ്ങൾക്ക് പണം കണ്ടെത്താൻ ശ്രമിച്ചു. പുതിയ വസ്ത്രങ്ങൾ,വാച്ച്,ബൈക്ക് അങ്ങനെ ആവശ്യങ്ങളുടെ പട്ടിക നീണ്ടു പോയി.പഠനം എവിടെയോ കളഞ്ഞ് അവൻ പുതിയ സുഹൃത്തുക്കളെ തേടി നടക്കാൻ തുടങ്ങി.അവന്റെ ആവശ്യങ്ങളിൽ പലതും നിറവേറ്റാനാവാതെ മാതാപിതാക്കൾ തല കുനിച്ചു. കൂട്ടുകാർ പലതും അവനിൽ നികന്നു.തനിച്ചായപ്പോൾ അവർ ജീവിതത്തിന്റെ യഥാർത്ഥശങ്ങൾ കാണാൻ തുടങ്ങി.മുന്നോട്ട് പോകാൻ ഒരു വഴിയും ഇല്ല. ഒരു

ജോലിക്ക് അവൻ മുട്ടാത്ത വാതിലുകളില്ല.ഓരോ വാതിലിനു മുന്നിലും വിദ്യാസമ്പന്നരായവരുടെ ഒരു നീണ്ട നിര ഉണ്ടായിരുന്നു.അവനിൽ വളർന്ന

നിരാശ ചെറുതല്ല.തിരിച്ചറിവിന്റെ പാതയിൽ അവനെ പോലെ പലതുമുണ്ടായിരുന്നു.അത് വീണ്ടും ഒരു പ്രതീക്ഷയായിരുന്നു അവനിൽ വളർന്നത്.ഇനി തിരിഞ്ഞ് നോക്കാതെ മുന്നോട്ട് നടക്കണം.ഒരു കര കാണുന്നത് വരെ അവൻ തീരുമാനിക്കും...........

നെജില ഷെറിൻ

9A



## കെടാവിളക്ക്

ജിവിത വീതിയിൽ ഒരു വഴിതാരയായി
എൻ മുമ്പിൽ വന്നണയുന്ന എൻ അമ്മ
എൻ മനം ഇടറുമ്പോൾ ഒരു സ്വാന്തനമായ
താങ്ങായി തണലായി ഒരു വിളക്കായ്
എൻ മുമ്പിൽ എന്നും പ്രകാശജ്ജ്വാലമായി
എൻ അരികത്തണയുന്ന അമ്മ
എൻ മിഴികൾ നിറഞ്ഞീടുമ്പോൾ
ഏഴുവർണ്ണങ്ങളായി...........
എൻ സ്വരമിടറുമ്പേൾ
ഒരു സ്വാന്തനമായി.......
എൻ അരികിൽ
വന്നീടുന്ന എൻ അമ്മ

# *വിദ്യാലയം*

*വിദ്യാലയം പ്രിയ വിദ്യാലയം*
*അറിവു പകരും വിദ്യ തൻ ആലയം.*
*നന്മ പഠിപ്പിക്കും പ്രിയ വിദ്യാലയം*
*ലോകത്തെ അറിയാനീ വിദ്യാലയം.*
*വിദ്യാലയം പ്രിയ വിദ്യാലയം*
*എല്ലാവരേയും ഒരുപോലെ കാണും വിദ്യാലയം.*
*കൂട്ടുകാരൊത്ത് അറിവ് കൈമാറുന്ന പാഠശാല*
*കൂട്ടുകാരൊത്ത് ഒന്നായി കളി ആസ്വദിക്കുന്ന വിദ്യാലയം.*
*വിദ്യാലയം പ്രിയ വിദ്യാലയം.*

*റിഫാന*
***10 A***



## മാറുന്നതലമുറ

പണ്ട് മാതാപിതാക്കളെ പേടിച്ച് മക്കൾ ജീവിച്ചിരുന്നു . കാലം മാറി . ഇന്ന് മക്കളെ പേടിച്ച് മാതാപിതാക്കൾ ജീവിക്കുകയാണ് . ഇന്നത്തെ തലമുറ മാതാപിതാക്കളെ കാണുന്നത് എടിഎമ്മുകളായിട്ടാണ് . ചോദിക്കുമ്പോൾ ആവശ്യമായ പണവും അവരുടെ ആവശ്യങ്ങളും നിറവേറ്റി കൊടുക്കുവാനുള്ള വെറും ഉപകരണങ്ങൾ മാത്രമാണ് ഇന്ന് പലർക്കും മാതാപിതാക്കൾ . പണ്ടൊക്കെ ഓരോ വീട്ടിലും പത്തും പന്ത്രണ്ടും മക്കൾ വീതമുണ്ടായിരുന്നു.കൊണ്ടും കൊടുത്തും സ്നേഹിച്ചും ലാളിച്ചും പരസ്പരം പ്രശ്നങ്ങളും ഇല്ലായ്മകളും മനസ്സിലാക്കിയും അനുഭവിച്ച വളർന്നു . ചെറുപ്രായത്തിൽ തന്നെ അനുഭവമാകുന്ന ഗുരുവിൽ നിന്ന് ഒത്തിരി പാഠങ്ങൾ പഠിക്കുവാൻ സാധിച്ചിരുന്നു. എന്തെങ്കിലും പ്രശ്നങ്ങൾ നേരിടാൻ ധൈര്യവും മനഃശക്തിയും ആർജ്ജവമാക്കിയിരുന്നു. തീയിൽ മുളച്ചത് വെയിലത്ത് വാടില്ലായിരുന്നു. ഇന്ന് കാലം മാറി. ജീവിതസാഹചര്യം മാറി. ഓരോ വീട്ടിലും ഒന്നോ രണ്ടോ മക്കൾ മാത്രം. ചന്ദ്രനെ പിടിച്ചുകൊടുക്കണമെന്ന് പറഞ്ഞാലും അതിന് ശ്രമിക്കുന്ന മാതാപിതാക്കൾ കൊഞ്ചിച്ചും ലാളിച്ചും ആവശ്യപ്പെടുന്നതെന്തും നേടിക്കൊടുത്തും ബ്രോയിലർ ചിക്കനെ വളർത്തുന്നതുപോലെ കുട്ടികളെ വളർത്തുന്നു. പണ്ടൊക്കെ ഒരു വിഷയത്തെക്കുറിച്ച് പ്രബന്ധം തയ്യാറാക്കണമെങ്കിലും പ്രസംഗം തയ്യാറക്കണമെങ്കിലും പലരെയും ആശ്രയിക്കുകയും പലപുസ്തകങ്ങൾ റഫർ ചെയ്യുകയും വേണമായിരുന്നു. ഇന്ന് അതിന്റെയൊന്നും ആവശ്യമില്ല. വിഷയമടിച്ചുകൊടുത്താൽ നിമിഷനേരം കൊണ്ട് വേണ്ട കാര്യങ്ങൾ മുന്നിൽ എത്തും. പക്ഷെ ആന്തരികമായി നാം വളരുന്നില്ല എന്ന തിരിച്ചറിവ് ഉണ്ടാവണം. പഠിച്ച വിഷയങ്ങളിൽ അഗാധമായ പാണ്ഡിത്യം കാണും. ഇവർ പരീക്ഷകൾക്കൊക്കെ നല്ല മാർക്ക് വാങ്ങിച്ചെന്നിരിക്കും എന്നാൽ യഥാർത്ഥ ജീവിത്തിൽ ഇവർ പരാജിതരായി പോകും. കാരണം പ്രശ്നങ്ങളെയും പ്രതിസന്ധികളെയും തരണം ചെയ്യുവാൻ ഇവർ

പഠിച്ചിട്ടില്ല. ജീവിതം എന്നത് ഒരു മഹാസമുദ്രമാണെന്ന തിരിച്ചറിവ് ഉണ്ടാവണം. ഈ മഹാനഗരത്തിലൂടെ ചെറു തോണിയുമായ് തുഴഞ്ഞ് പോകുന്നവരാണ് ഓരോ കുടുംബനാഥന്മാരും. ഈ വഞ്ചി മുന്നോട്ട് കൊണ്ടുപോകാനുള്ള പ്രശ്നങ്ങൾ ഇവർ മക്കളെ അറിയിക്കുന്നില്ല. ഇതൊക്കെ യുവതലമുറ മനസ്സിലാകണമെങ്കിൽ ഇവർ കല്ല്യാണമൊക്കെ കഴിച്ച് ഒരു കുടുംബജീവിതം ആരംഭിക്കണം. അതുവരെ ഇവർ മാതാപിതാക്കളുടെ സംരക്ഷണത്തിലാണ്. ആദ്യ രണ്ട് വർഷം ഇവർ വഞ്ചി തുഴയുന്നത് തീരപ്രദേശത്തുകൂടിയാണ് അവിടെ വലിയ ആഴങ്ങളില്ല ,ഓളങ്ങളില്ല. എന്നാൽ നാലഞ്ച് വർഷം കഴിഞ്ഞാൽ വഞ്ചി തീരപ്രദേശം വിട്ട് നടുകടലിൽ എത്തിയിരിക്കും. അപ്പോഴെക്കും ഒന്ന് രണ്ട് കുട്ടികളായിരിക്കും. അപ്പോഴാണ് പ്രശ്നം. താഴേക്ക് നോക്കിയാൽ അഗാതമായ ഗർത്തം. വെട്ടിവിഴുങ്ങാൻ വരുന്ന മത്സ്യങ്ങൾ തിമിംഗലങ്ങൾ. മുകളിലോട്ട് നോക്കിയാൽ ആഞ്ഞുവീശുന്ന കൊടുംകാറ്റ് ,തിരമാലകൾ. ഇതിലൂടെ എന്നും നമ്മുടെ ജീവിതമാകുന്ന ചെറു തോണി എങ്ങനെ മുന്നോട് കൊണ്ട്പോകണമെന്ന് അറിഞ്ഞുകൂടാ. നമ്മുക്ക് അറിയാവുന്നത് കുറെ കെമിസ്ട്രിയും, ഫിസിക്സും, മാക്സും മാത്രം. എന്തെല്ലാം വിഷയങ്ങൾ പഠിച്ചാലും ജീവിതമെന്ന പുസ്തകം പഠിച്ചില്ലായെങ്കിൽ ആർക്കും ജീവിതത്തിൽ വിജയിക്കുവാൻ സാധിക്കില്ല .

# എന്റെ കേരളം



ദൂരെ ദൂരെ മാമലകൾ....
എങ്ങുമെങ്ങും പൂമരങ്ങൾ...
പച്ചയിൽ കുളിച്ച നിൽകും...
എന്റെ കേരളം....
ഒഴുകും കാട്ടരുവികൾ...
പൊന്നണിഞ്ഞ വയലുകളും...
കടലല ഉമ്മവെക്കും...
എന്റെ കേരളം....
പുഞ്ചവയൽ പാടങ്ങൾ...
കതിരണിയും കാലത്ത്...
വെണ്ണാൽ കൊയ്ത്തരിവാളുമായി...
നിരന്നു നീങ്ങുന്നു...
മലനാടും സഖികളും...
തിരയും തീരവും...
ഒന്നു ചേർന്നു കൈകൾ കോർക്കും...
എന്റെ കേരളം.....................

# ഭൂമിയിലെ മാലാഖമാർ

അമ്മിഞ്ഞ തന്നതും അമ്മ

നല്ലമ്മ തന്നതും അമ്മ

കൊച്ചരിപ്പല്ലുകൾ കാട്ടിച്ചിരിച്ചപ്പോൾ

വാരിയെടുത്ത് ചേർത്തതുമമ്മ

പിച്ചവെച്ച ഞാൻ തെന്നിവീഴാൻ നേരം

കൈതന്ന കാത്തതും അമ്മ

അച്ഛനെ കാത്തു ഞാൻ ഉറങ്ങാതിരിക്കുമ്പോൾ

നൽകഥകൾ ചൊല്ലിത്തന്നതുമമ്മ

ജീവിതയാത്രയിൽ നന്മകൾ നേർന്ന്

താങ്ങായ് തണലായ് എന്നും എന്നമ്മ..................

നജ ഷെറിൻ

9A

# കുടിയേറ്റം

ഗ്രാമത്തിലെ ജീവിതത്തിന് ഭംഗി
പോരത്രേ.....
അവർ കോഴിയെ വിറ്റു
പശുവിനെ വിറ്റു
മാവും പ്ലാവും വെട്ടി വിറ്റു
വീട് വിറ്റു
കൃഷിയിടവും വിറ്റു.
അവർ നഗരത്തിലേക്ക് കുടിയേറി
വീട് വാങ്ങി
പാക്കറ്റ് പാല് വാങ്ങി
പെട്ടിയിലടച്ച മുട്ട വാങ്ങി
കുപ്പിയിൽ നിറച്ച വെള്ളം വാങ്ങി
സ്റ്റിക്കർ ഒട്ടിച്ച മാങ്ങ വാങ്ങി
കാശ് കൊടുത്ത് ചക്ക വാങ്ങി
വിഷം നിറച്ച പച്ചക്കറികൾ വാങ്ങി
ചൂട് കൂടിയപ്പോൾ എ സി വാങ്ങി
ഹാ...നഗരജീവിതം എത്ര സുന്ദരം
എന്തു സുഖം
അഞ്ചു വർഷത്തിനു ശേഷം
ആശുപത്രി വരാന്ത നിറയുന്നതെത്ര
മനോഹരം....

മുഹമ്മദ് ഇഹ്സാൻ വി.സി
9A

# കൺകണ്ട ദൈവം

അമ്മിഞ്ഞ തന്നതും അമ്മ

നല്ലുമ്മ തന്നതും അമ്മ

കൊച്ചരിപല്ലുകൾ കാട്ടിച്ചിരിച്ചപ്പോൾ

വാരിയെടുത്തു നെഞ്ചോടുചേർത്തതുമമ്മ

പിച്ചവെച്ചു ഞാൻ തെന്നിവീഴാൻ നേരം

കൈതന്നു കാത്തതും അമ്മ

ഹരിശ്രീ കുറിച്ച് ഞാൻ പാഠങ്ങൾ ചൊല്ലുമ്പോൾ

അക്ഷരക്കൂട്ടങ്ങൾ ചൊല്ലിതന്നതും അമ്മ

അച്ഛനെ കാത്തുഞാൻ ഉറങ്ങാതിരിക്കുമ്പോൾ

നൽകഥകൾ ചൊല്ലിതന്നതുമമ്മ

ജീവിതയാത്രയിൽ നന്മകൾ നേർന്ന്

താങ്ങായ് തണലായ് എന്നും കൂടെയുണ്ടമ്മ

ആൻറിൻ.കെ

9A

## മലചുരത്തിയ നീരുറവകൾ..



മലചുരത്തിയ  നീരുറവകൾ
അണകൾ കെട്ടി നാം
പുഴയൊഴുകിയ വഴികളൊക്കെയും
അതിരുകല്ലുകൾ പാകി നാം
കുന്നടിച്ചു നികത്തി നാം
പുഴകളൊക്കെ നികത്തു നാം
പണിതു കെട്ടി രമ്യ ഹർമ്യം
കൃഷി നിലങ്ങൾ നികത്തി നാം
ദാഹനീരതിന്നുമൂറ്റി വിറ്റു
നേടി കോടികളിന്നു നാം
ഭൂമി തന്നുടെ നിലവിളി അതു
കേട്ടതില്ല അന്നു നാം
പ്രകൃതി തന്നുടെ സങ്കടം
അണനിറഞ്ഞൊരുനാളിൽ നാം
പകച്ചു പോയി പ്രളയമെന്നൊരു മാരി
തന്നുടെ നടുവിൽ നാം
കൈ പിടിച്ചു കയത്തിലായൊരു
ജീവിതം തിരികെ തരാൻ
ഒത്തുചേർന്നു നമ്മളൊന്നായി
ഒരു മനസ്സുമായി അന്നു നാം
ജാതി ചിന്തകൾ വർഗ
വൈരികൾ ഒക്കെയന്നു മറന്നു നാം
ഇനിയൊരിക്കലൊരൊത്തു
ചേരലിലൊരു ദുരന്തം കാക്കണോ???

നാഫി  എൻ
9A




# മരം

കാടിലെ കിളികൾക് മരം വേണം
നാടിലെ മനുഷ്യർകും മരം വേണം
പറകുന ഉന◌ികും ചിരികുന്ന കുഞ്ഞിനും
മരികുന വൃദന്ന മരം വേണം

ശ്വസികുവാൻ പ്രാണനായി മരം വേണം
കുടികുവാൻ ജലമായി മരം വേണം
വിശപ്പിന് പഴമായി മരം വേണം

വിണ്ണിന്റെ മഴയായി മരം വേണം
മണ്ണിന്റെ ഉയിരായി മരം വേണം
കണ്ണിന് കുളിരായി മരം വേണം
ഞങ്ങൾക് തണലായി മരം വേണം

Vishnu priya P M
9B

# ദൈവത്തിന്റെ അത്ഭുതം

പുലർക്കാലത്തിൽ മഞ്ഞു പെയ്യുന്ന

നിലാവിൽ പുഞ്ചിരിക്കൊണ്ട്

ഉദിച്ചു നിൽക്കുന്ന ചെറുപ്പൂക്കളും

പുൽനാമ്പുകളും പ്രകൃതി തൻ വിസ്മയം

എത്ര സുന്ദരമാണ് പ്രകൃതി തൻ

പച്ച പരവധാനിയാം പുടവ

വർണ്ണ പകിട്ട് നിറഞ്ഞ പൂക്കളും പുഴക്കളും

മറ്റു ചെറു പ്രാണികൾ ചിത്രശലഭങ്ങൾ

കവികൾ മാലചാർത്തും വിശയവും പ്രകൃതി

ചെറു അരുവികൾ തൻ കള കള നാദവും

പുലർക്കാലത്തെ കിളികൾ തൻ മധുര ഗാനവും

നെൽ കതിരുകൾ കൊത്തി ഉയരേക്ക്

മറയും കിളികൾ എത്ര സുന്ദരമാണെൻ പ്രകൃതി

എത്ര വിസ്മയമാണെൻ പ്രകൃതി

[റീജ രാജു]

## വരിമുടക്കി

ഒരു തുറന്ന പേനയും മടക്കി നെഞ്ചോട്
ചേർത്തുവച്ചിരിക്കുന്ന പുസ്തകവും
പിറന്ന ജനലഴികളിലൂ ടെ പുറ ത്തേക്കു നോക്കുന്ന കണ്ണുകളും...

ഇത്രയും മതിയെനിക്കിന്നെ
ന്നുള്ളിനെ
പുറത്തേയ്ക്ക് ക്ഷണിക്കാൻ

എന്നാൽ അതിനു നീ തടസ്സം
വാക്കുകൾ കോർത്തു പുതിയൊരു വരി
സൃഷ്ടിക്കുമ്പോഴും
നീ ഇല്ലാതെ അത് പൂർണമാക്കാൻ
എനിക്കു സാധിക്കാതെ പോകുന്നു.

എന്തിനാണു നീ എന്റെ വരി മുടക്കുന്നത്
എത്രയെഴുയവസാനിപ്പിച്ചിട്ടും എന്തിനു നീ
വീണ്ടുമെൻ കവിതയിൽ പുനർജനിക്കുന്നു.

Niranjana M
9D

## മനുഷ്യമനസ്സിന്റെ വികാരം

എല്ലാ മനുഷ്യമനസ്സിന്റെയും വികാരമാണ് അമ്മ.അമ്മ എന്ന വാക്കിന് ഒരൊറ്റ അർഥമാണ് ഉള്ളത് അതാണ് സ്നേഹം.ജനനം മുതൽ ഇതുവരെ ഒരുപോറൽ പോലും ഏൽപ്പിക്കാതെ കാത്തു സൂക്ഷിക്കാൻ ഒരാൾ മാത്രമെ ഉണ്ടാകൂ.അതാണ് നമ്മുടെ അമ്മ.അമ്മയ്ക്ക് പകരം മറ്റൊന്നും ഈ ലോകത്ത് ഉണ്ടാകില്ല. നമ്മൾ വിശ്വസിക്കുന്ന ദൈവത്തിനു തുല്യമാണ് നമ്മുടെ അമ്മ.ഒരു പൂമൊട്ടിനെ വിരിയിക്കാൻ അതിന്റെ ഇലകളും വള്ളികളും അതിനെ എങ്ങനെ പരിപാലിക്കുന്നുവോ അതിനു തുല്യമായി അമ്മ നമ്മെ പരിപാലിക്കുന്നു. നമ്മുടെ ഏതു കാര്യത്തിനും തുണയായി അമ്മയുണ്ടാകും.ഏത് സന്തോഷത്തിലും ദുഃഖത്തിലും പങ്കുചേരുന്ന നന്മയുടെ പ്രതീകമാണ് അമ്മ.എന്തിലും ഒരു മുന്നോടിയായി നമ്മളെ ജീവിതത്തിന്റെ നന്മയിലേക്ക് നയിക്കുന്ന അമ്മയെ ഒരു ദയയും കൂടാതെ വൃദ്ധസദനത്തിന്റെ പടിക്കൽകൊണ്ട്നിർത്തുന്ന വാർത്തയാണ് നാം ഇപ്പോൾ ഏറെ കേട്ടുവരുന്നത്.ഇനി മുതൽ ഈ പ്രവർത്തി തുടരാൻപാടില്ല.അമ്മ വെളിച്ചമാണ്.ആ വെളിച്ചം അണ-ഞ്ഞാൽ നമ്മൾ ഇരുട്ടിലാകും.ആ ഇരുട്ടിൽ ഒറ്റപ്പെട്ടുപേകും. ഇരുട്ടിൽ നിന്ന് രക്ഷനേടാൻ അമ്മ എന്ന വെളിച്ചം അണയാതിരിക്കണം.ജനനം മുതൽ ഇതുവരെ ഒരു പോറൽപോലും ഏൽപ്പിക്കാതെ സംരക്ഷിച്ച അമ്മയെ വൃദ്ധസദനങ്ങളിൽ കൊണ്ടുവിടരുത്...........

സ്റ്റിയ രാജൻ

# ദൈവത്തിന്റെ വരദാനം

ഉച്ച നേരത്തൊരു കൊച്ചു മയക്കത്തിൽ
പിച്ച വച്ചെത്തിയ കാർമുകിലേ
തല്ലിച്ചതറുമാ ചില്ലുകണക്കെയെൻ
മുന്നിലുൻ മാദിനിയായ് പൊഴിഞ്ഞു
പൂക്കുന്ന തൈമാവിൻ ചില്ലകളും
നിരന്നാടുന്ന കൈതോലക്കൂട്ടങ്ങളും
കാറ്റിൽ ചാഞ്ചാടിയാട്ടും വയൽപൂക്കളും
മഴപ്പെണ്ണിന്റെ കുളിരേറ്റു വാങ്ങുന്നുവോ
പുഴ മേലെ ഓളങ്ങൾ അണയുന്നുവോ
മല മുകളിലെ ഉറവയോടിയൊഴുകുന്നുവോ
നിന്നുടെ സ്മൃതിഗീതം അലകളായ്
തഴുകിടുമ്പോൾ എന്റെ ഗതകാല
സ്മരണകൾ ഉണരുന്നിതാ
മഴയൊരു ഗീതമാകുന്നുവോ
എൻ മനമൊരു മയിലായ് ആടുന്നുവോ
നീളുന്ന ചെമ്മണ്ണു പാതകളിൽ
മഴനീരു നുഴുന്നു നാഗത്തെപോൽ
ദൂരെ മഴനീരു നുഴന്നു
നാഗത്തെപോൽ ............

by

അഭിഷ ജോസഫ്

# വാക്കുകൾ

വെറുതെയൊരു നറുങ്ങുവെട്ടത്തിരുന്നു ഞാനോർക്കുന്നു
എത്രയോ വാക്കുകളാണ് ഞാനറിയാതെ ഉരുവിട്ടത്
പറഞ്ഞവാക്ക് തിരികെയെടുക്കുവാൻ കഴിയില്ലെന്നറിഞ്ഞിട്ടും
വെറുതെ ബന്ധങ്ങെ ശത്രുക്കളാക്കിയ വാക്കുകൾ
എന്തിനീ ലോകം വാക്കുകളെ സൃഷ്ടിച്ചു
ബന്ധനത്തിലോ ബന്ധുത്വത്തിനോ
യുദ്ധങ്ങൾ,കലഹങ്ങൾ,കൊലപാതകങ്ങൾ
എല്ലാ തിന്മയെയും സൃഷ്ടിക്കുന്ന ക്രൂരവാക്കുകൾ
എന്നാൽ പുണ്യങ്ങളുമടങ്ങുന്ന വാക്കുകളിൽ
അക്ഷരം പഠിപ്പിച്ച ഗുരുവിന്റെ വാക്കുകൾ
മുത്തുപോലെ വിലപ്പെട്ട മൊഴികൾ
നന്മകൾ വിടരുന്ന തിന്മവെടിയുന്ന വാക്കുകൾ
ഒരു ചെറുആശ്വാസത്തിന് തലോടലായി വാക്കുകൾ
നല്ല നാളേയ്ക്കായി കരുതിവെയ്ക്കു ഈ പുണ്യവാക്കുകൾ
തിരിച്ചറിവിലേക്ക് നയിക്കുന്ന വാക്കുകൾ
എന്റെ ഓർമ്മകളിൽ എപ്പോഴും മുഴങ്ങുന്ന വാക്കുകൾ
ആ വാക്കുകൾക്കായി തിരിഞ്ഞു നോക്കു
നന്മയും തിന്മയും അടങ്ങുന്ന വാക്കുകൾ

Clement Roy
9E

# ആദ്യത്തെ പ്രണയിനി...

തിരിഞ്ഞൊന്നു നോക്കുമ്പോൾ.....
വിരഹ സ്മരണയായ് അമ്മ
നെഞ്ചിൽ തെളിയുന്നു
ഓർമ്മകളിൽ പുഞ്ചിരിതൂകുന്നു
പൊക്കിൾ കൊടിയിലൂടെന്നെ
അറിഞ്ഞില്ലായെങ്കിലും
ഒരു മനുഷ്യായസ്സു മുഴുവൻ
നീ എനിക്കായ് ഹോമിച്ചു
ആ മാറിലെ അമൃത ചഷകം
എനിക്കായ് ചുരന്നില്ലായെങ്കിലുമാ-
ഹൃദയത്തിൽ സ്നേഹപഷകം
എനിക്കായെന്നും നിറഞ്ഞു
തുളുമ്പിയിരുന്നു
ആ വിരൽ പിടിച്ചു
ഞാനാദ്യമായ്പിച്ചവെച്ചു
എനിക്കായ് ചിടഞ്ഞതിൻ ഹൃദയ-
താളമെന്നും എനിക്ക് താരാട്ടായ്
മഞ്ഞുപൊഴിയുന്ന ശിശിരരാവുകളിലോ
കരവലയത്തിനുള്ളിലൊരു കുഞ്ഞു കിളിയായ്
ഞാൻ മാറി

ജിസ്മരിയ



ഫാത്തിമ റന

8A

# അമ്മയും മകളും

മകളോട്
ഇരുളുംമുമ്പ് വീടണയണം
കളിചിരികൾ കതകിനിപ്പുറം മാത്രം
വട്ടയിലയിൽ പൊതിഞ്ഞു മറച്ച
ഇറച്ചിത്തുണ്ടുപോൽ
പൊതിഞ്ഞുപോവണം തലവരെ
കൂട്ടുവേണ്ട മണ്ടവേണ്ട
വേഗം നടക്കണം
കൂടണയണം
തെറിപറഞ്ഞാലും മുടിപറിച്ചാലും
സഹിച്ചുനിൽക്കണം ശീലമാക്കണം
നാളെ
നീ മറ്റൊരുത്തന്റെ കൂടെ പോകേണ്ടവൾ
അമ്മയോട്
ചിതലെടുത്തൊരി ചിന്തകൾ
അടുപ്പിലെറിയൂ ഉണർവുനേടൂ
പുതിയ വാക്കുകൾ പുതിയചിന്തകൾ
നവഭാരത ശിൽപികളല്ലോ നാമും
വെപ്പുവേലകൾ പുറംപണി അകംപണി
മാത്രമല്ല പെണ്ണെന്നറിയേണം
അടുക്കളഇക്കാലിത്തൊഴുത്തുകൾക്കപ്പുറം
ലോകമുണ്ടമ്മേ
നിറങ്ങളേഴും പൂത്തുവിടരുമൊരുലോകം



ശിവദ വി 9a

## പ്രളയ മഴ

മഴയായ് തളിർത്തെൻ ബാല്യം
മഴകൊണ്ടും തീർത്ത സൗഭാഗ്യം
മഴയായ് ജീവിച്ച ജന്മം
മഴകൊണ്ടുപോയ ഈ ജന്മം
എവിടെ നിന്ന് എവിടെ നിന്ന്
ഒഴുകി എത്തി
വെള്ളം എവിടെ നിന്ന്
എവിടെനിന്ന്
ഒഴുകിയെത്തി
ഒരു രാത്രി കൂടി എൻ ജന്മം
ഇവിടെ തീർക്കാൻ ഞാൻ ആഗ്രഹിച്ച
ജീവിതസൗഭാഗ്യമെല്ലാം
മഴകൊണ്ടു തീർത്ത എൻ ജീവൻ
രക്ഷിച്ചവരെ നന്ദി
ഒരു നൂറായിരം നന്ദി....................



Gouri krishna P
9B

# കൃഷ്ണ മൃഗം

ഇന്ത്യയിൽ കാണപ്പെടുന്ന ഒരുതരം മൃഗമാണ് കൃഷ്ണമൃഗം അഥവാ കരിമാൻ. ആൺ മാനുകളുടെ ശരീരത്തിന്റെ മുകൾ ഭാഗത്തിന് കറുപ്പ്നിറവും താഴെ വെള്ളനിറവുമായിരിക്കും. ഇവയക്ക് പിരിഞ്ഞ അതിമനോഹരമായ കൊമ്പുകളുണ്ട്. പെൺമാനുകൾക്ക് ശരീരത്തിന്റെ മുകൾഭാഗത്ത് മഞ്ഞനിറമാണ്. കൂടാതെ ഇവയ്ക്ക നല്ല കാഴ്ച്ചശക്തിയും, കേൾവിശക്തിയുമുണ്ട്. നല്ല ഓട്ടക്കാരനാണ് ഈ കൃഷ്ണമൃഗം .വളരേ വേഗത്തിൽ ഓടിയാണ് ഇവ ശത്രുക്കളിൽ നിന്ന് രക്ഷനേടുന്നത്.

ശ്രീവിഷ്ണ....

# Education

education is essential for the growth of a country. Our country is developing day by day. We are getting more opportunities to study. We should use it properly. An educated person is a valuable resource for the society.

Our IT fields are developing. India is growing. We need more human resource for the better growth of our country. The government of India is assuring proper education to all children. Education is a key factor for the development of the country.

Education is important for all of us. Educated people has a proud in a society. Gandiji gave
more importance to education

Naja Sherin
9A

# കാത്തിരിപ്പ്

എന്നും ഞാൻ ഓർത്തിടുന്ന
നിൻ പേരിൻ അഞ്ജക്ഷരങ്ങൾ
മറക്കാൻ കഴിയില്ല ഒരിക്കലും
നാം പങ്കുവച്ച നിമിഷങ്ങൾ
ഇനി എന്ന് കാണുമെന്ന് അറിയില്ല
എങ്കിലും ഞാൻ കാത്തിരിക്കും
എന്നെങ്കിലും ഒരിക്കലെങ്കിലും നീ
വരുമെന്ന പ്റതീക്ഷയിൽ
എന്നുംഞാൻകാതോർത്തിരിക്കും
നിന്റെ ആ വിളി ഒന്നു കേൾക്കാൻ
എന്നും ഞാൻ ഓർത്തിടുന്ന നിന്നെ
എൻ കൂട്ടുകാരി....



Muhammed Ihsan P
9A

# ജീവിത വഴികാട്ടി....

അമ്മയാണ് എന്റെ ജീവിതം
അമ്മയാണ് എന്റെ സർവവും
അമ്മയില്ലാത്ത ജീവിതം എനിക്കില്ല
സ്നേഹത്തിന്റെയും ലാളനയുടെയും
ഉദാഹരണമാണ് അമ്മ.......
എൻെറ നിഴലാണ് എന്റെ അമ്മ
സുഖവും ദുഃഖവും ഞാൻ
അമ്മയുമായി പങ്കിടും.........
അന്ധകാരത്തെ വെളിച്ചമാക്കുമെൻ അമ്മ
ഞാൻ വേദനിച്ചാൽ അമ്മ വേദനിക്കും
മക്കൾക്ക് നൽകാനായി അച്ഛൻ
കണ്ടുപിടിച്ച വിളക്കാണ് അമ്മ

Devapriya C
9A

## ചിലത്

*ചില സന്ധ്യകൾ ചോന്നു തുടിക്കാറില്ല*
*ചില മുകിൽ മാലകൾ പെയ്തൊഴിയാറില്ല*
*ചില രാത്രികൾ നിലാവ് പൊഴിക്കാറില്ല*
*ചില നേരം കാറ്റിനു ചന്ദന ഗന്ധമില്ല*
*ചില മോഹങ്ങൾ സഫലമാകാറില്ല*
*ചില നിമിഷങ്ങൾ മനസ്സിൽ നിന്ന് മായാറില്ല*
*ചില സത്യങ്ങൾ ആരും ഓർക്കാറില്ല*
*ചില ചോദ്യങ്ങൾക്കു ഉത്തരം കിട്ടാറില്ല*

*വിഷ്ണുപ്രിയ*

***10B***

# പരിസ്ഥതി ദിനവും അനുഭവവും

ജൂൺ 5 ന് പരിസ്ഥിതി ദിനമാണെന്ന് എല്ലാവർക്കും അറിയാമല്ലോ വളരെനാളുകൾക്ക് മുൻപ് ഒരു പരിസ്ഥിതി ദിനത്തിൽ വിദ്യാലയത്തിൽ നിന്ന് നെല്ലിയും വേപ്പും മഹാഗണിയുമെല്ലാം കുട്ടികൾക്ക് വിതരണം ചെയ്തു. പക്ഷെ എന്റെ കൂട്ടുകാർ നെല്ലിയും വേപ്പും മാത്രം സ്വീകരിച്ചു. ആർക്കും മഹാഗണി വേണ്ട ,മഹാഗണിയുടെ ഇലകൾ കൊഴിയും ,മുറ്റം വൃത്തിഹീനമാകും എന്നൊക്കെയാണ് കാരണം പക്ഷെ ഞാൻ വാങ്ങിയത് മഹാഗണിയാണ് എല്ലാവരും പറഞ്ഞു മഹാഗണികൊണ്ട് ഉപകാരമൊന്നും ഉണ്ടാകില്ലന്ന് .എങ്കിലും ഞാൻ അതൊന്നും ശ്രദ്ധിച്ചില്ല.അന്ന തന്നെ ഞാൻ വീട്ടിൽ കൊണ്ടു പോയി ചെടി നട്ടു.ഇഷ്ടിക കൊണ്ട് സംരക്ഷണം നൽകി.വെള്ളം നനച്ച് പരിപാലിച്ചു. കുടുംബത്തിലെ ഒരംഗത്തെപ്പോലെ ഞാൻ അതിനെ സ്നേഹിച്ച സംരക്ഷിച്ചു. എല്ലാ ദിവസവും ഞാൻ അതിനോട് എന്റെ സങ്കടവും സന്തോഷവും പറഞ്ഞു കൊടുക്കാറുണ്ട്. അങ്ങനെ അത് വളർന്നു.

ഭവിന

# ചുവന്ന വെള്ളച്ചാട്ടം

അന്റാർട്ടിക്കയിലെ മക്മർഡോ ഡ്രൈ വാലിയിൽ സ്ഥിതിചെയ്യുന്ന വെള്ളച്ചാട്ടം ചുവന്ന നിറത്തിലാണ് പ്രത്യക്ഷപ്പെടുന്നത്.അതിനാൽ തന്നെ ഇത് ''ബ്ലഡ് ഫാൾസ് ''എന്നാണ് അറിയപ്പെടുന്നത്.ആഴത്തിലുള്ള ഈ ചുവന്ന വെള്ളച്ചാട്ടം ആദ്യമായി കണ്ടെത്തിയത് 1911 ലാണ്. അന്റാർട്ടിക്കയിൽ ഒഴുകിയ ഒരു നദി ചുറ്റുമുള്ള മഞ്ഞമലകളെ മുഴുവൻ ചുവപ്പ് നിറമുള്ളതാക്കി മാറ്റിയത് ശാസ്ത്രജ്ഞർ ശ്രദ്ധിച്ചു.ആൽഗകൾ വെള്ളത്തിന്റെ നിറംമാറ്റുന്നതാണ് ഇതിന് കാരണമെന്ന് അവർ ഈ കാലയളവിൽ വിശ്വസിച്ചു.ഈ കാര്യത്തിൽ പിന്നീട് പഠനങ്ങൾ ഒന്നും തന്നെ നടന്നില്ല.

2017 ൽ അലാസ്ക ഫെയർബാങ്ക്സ് സർവകലാശാല ഈ പ്രദേശത്ത് ഗവേഷണങ്ങൾ നടത്തുകയും ഇതിന് പിന്നിലുള്ള രഹസ്യങ്ങൾ അറിയുകയും ചെയ്തു.ആഴത്തിലുള്ള ചുവപ്പ് നിറം ഉപ്പുവെള്ളത്തിലെ ഓക്സിഡൈയ്സ് അയൺ മൂലമാണെന്ന് തിരിച്ചറിഞ്ഞു.ഇരുമ്പ് തുരുമ്പെടുക്കുമ്പോൾ ഉണ്ടാവുന്ന കട്ടം ചുവപ്പ് നിറം പോലെയാണ് ഇവിടെയും സംഭവിക്കുന്നത് എന്നുള്ള നിഗമനത്തിൽ ഇവർ എത്തിച്ചേർന്നു.ഇരുമ്പ് വഹിക്കുന്ന ഉപ്പുവെള്ളം ഓക്സിജനുമായി സമ്പർക്കം പുലർത്തുകയും ഇരുമ്പ് ഓക്സിഡൈസിന് ചുവന്ന നിറംഉണ്ടാവുകയും ചെയ്യുന്നു.ഫലത്തിൽ ആഴത്തിലുള്ള ചുവന്ന നിറത്തിലേക്ക്മാറുന്നു.ഇതാണ് ചുവന്നവെള്ളച്ചാട്ടം.

ഫാത്തിമത്ത് ഹിസാന



# മലയാള ചെറുകഥ

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പുതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

ഒന്നാം ഘട്ടം

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

രണ്ടാം ഘട്ടം

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു.

ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

സുവർണ്ണകാലം

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കുൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉറൂപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ

നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബപ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

ആധുനികത

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്ഥിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം

ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

ആധുനികതയ്ക്കു ശേഷം

ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവയെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

ഉത്തരാധുനികത

1990- കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ച കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ.

Sreenanda sunil
9A



ലിറ്റിൽ കൈറ്റ്സ് മിസ്റ്റ്രസ്സ്

നൈസിൽ ടീച്ചർ

# അണിയറയിലെ സാന്നിദ്ധ്യം



നിദ ഫാത്തിമ .വി [സ്റ്റുഡന്റ് എഡിറ്റർ]



ശ്രീനന്ദ സുനിൽ.പി



റിസാൻ



അനന്യ



വിഷ്ണുപ്രിയ

# THANK YOU